

# മരിക്കുന്ന സമ്പദ്‌വ്യവസ്ഥയിൽനിന്ന് ജീവിക്കുന്ന സമ്പദ്‌വ്യവസ്ഥയിലേക്ക്

വന്ദന ശിവ
വിവർത്തനം : കെ.രമ

**മരിക്കുന്ന** സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാൻ കൃത്രിമമായ സ്വത്തിനുപകരം യഥാർത്ഥസ്വത്തിനെ വിലമതിക്കുക എന്ന മാറ്റം ആവശ്യമാണ്. യഥാർത്ഥ സ്വത്ത് നമ്മുടെ മണ്ണാണ്, വെള്ളമാണ്, ജൈവവൈവിദ്ധ്യമാണ്. ഇതുതന്നെയാണ് നമ്മുടെ സർഗ്ഗാത്മകതയും ഉത്പാദന പ്രവൃത്തിയും മനുഷ്യബന്ധങ്ങളും. കപടമായ മൂല്യങ്ങളിലൂടെയും കൃത്രിമമായ സ്വത്തിലൂടെയും ആഗോളവത്കരണം യഥാർത്ഥസ്വത്തിന്റെയും മൂല്യങ്ങളുടെയും വില കുറയ്ക്കുന്നതിന് ആക്കംകൂട്ടുന്നു. എല്ലാ സാമ്പത്തിക മൂല്യങ്ങളും വിപണിവിലയിലേക്ക് മാത്രമല്ല ആഗോള വിപണിവിലയായ ഡോളറിലേക്ക് തരംതാഴ്ത്തുന്നു. ഈ ആഗോളസമ്പദ്‌വ്യവസ്ഥയിൽ ലോകം മനുഷ്യർക്കല്ല, മൂലധനത്തിനാണ് അതിർത്തിയില്ലാതാക്കുന്നത്. ഈ വ്യവസ്ഥ ഉത്പാദനപ്രക്രിയയ്ക്കല്ല, ഊഹക്കച്ചവടത്തിനാണ് ഊന്നൽ നൽകുന്നത്.

ഉത്പാദനലോക സമ്പദ്‌വ്യവസ്ഥയിൽ വിതരണം ചെയ്യപ്പെടുന്ന ഓരോ ഡോളറും 20 മുതൽ 50 വരെ ഡോളറായി ശുദ്ധ സമ്പത്തായി സമ്പദ്‌വ്യവസ്ഥയിൽതന്നെ വിതരണം ചെയ്യപ്പെടുന്നു. ദൈനംദിന ഉത്പന്ന വിറ്റുവരവ് 20 മുതൽ 25 ബില്യൻ ഡോളറാണ്. എന്നാൽ ധനപരമായ 'കച്ചവടം' 800 ബില്യൻ ഡോളറിനും ഒരു ട്രില്യൻ ഡോളറിനും ഇടയിൽവരും. മൂല്യവുമായി ഒരു ബന്ധവുമില്ലാതെ വളരെ വലിയ തോതിലാണ് പണത്തിന്റെ വളർച്ച. ദൈനംദിനാടിസ്ഥാനത്തിൽ പരസ്പരം വിതരണം ചെയ്യുന്ന യഥാർത്ഥ സമ്പദ്‌വ്യവസ്ഥതന്നെ നശിപ്പിക്കാനുള്ള കഴിവ് ഊഹത്തിലധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയ്ക്കുണ്ട്. അങ്ങനെ, പ്രകൃതിയുടെ, മനുഷ്യരുടെ വിപണികളുടെ സമ്പദ്‌വ്യവസ്ഥ വിപണികളുടെ സമ്പദ്‌വ്യവസ്ഥ മാത്രമായി ചുരുങ്ങിപ്പോകുന്നു. മാത്രമല്ല വാണിജ്യവും ഡോളറും ഭരിക്കുന്ന 'ആഗോള വിപണി' എന്നു വിളിക്കപ്പെടുന്ന പ്രതിഭാസമായി മാറുന്നു.

'ഡോളർവത്കരണം' എന്നു വിളിക്കപ്പെടുന്ന മനുഷ്യന്റെ നിലനില്പിനാവശ്യമായ വസ്തുക്കളുടെയും പ്രകൃതിയുടെയും സാമ്പത്തികമൂല്യം ആഗോളവത്കരണത്തിന്റെ അവശ്യഘടകമാണ്. ഇത് ഈയിടെ ഇന്ത്യയിലെ ഒരു പ്രവണതയാണ്. അടുത്ത കാലത്തെ പരസ്യങ്ങളിൽ പ്രകൃതിവിഭവങ്ങളെ ഡോളറുമായും യെന്നുമായും തുല്യപ്പെടുത്തുന്നു. പരിസ്ഥിതിയും സാമൂഹികമൂല്യവും വില ഇല്ലാതാവുകയും നശിക്കുകയും ചെയ്യുന്നു. പക്ഷേ ഈ നാശം ഒരിക്കലും ആഗോളക്കച്ചവടത്തിന്റെ കണക്കിൽ പെടുന്നുമില്ല.

വാണിജ്യകോർപ്പറേഷനുകളുടെ വികസനം കൊളോണിയൽ വ്യാപനവുമായി കണ്ണിചേർന്നിരിക്കുന്നു. റോയൽചാർട്ടർ മുഖാന്തരം ക്രൗൺ ഓഫ് ഇംഗ്ലണ്ട് 1600 കളിലും 1800 കളുടെ ആരംഭത്തിലും വ്യാപാരസാഹസികതയും കൊളോണിയൽ കൊള്ളയും നടത്താനായി ചാർട്ടർ ചെയ്ത കോർപ്പറേഷനുകളെ സൃഷ്ടിച്ചു. 1600-ൽ റോയൽ ചാർട്ടർ ലഭിച്ച ആദ്യത്തെ വ്യാപാരസ്ഥാപനം ഈസ്റ്റിന്ത്യാ കമ്പനിയും അസ്തപ്രഭമായിക്കൊണ്ടിരിക്കുന്ന മുഗൾ സാമ്രാജ്യവും തമ്മിലുണ്ടാക്കിയ ഒരു കരാറാണ് ആദ്യത്തെ സ്വതന്ത്ര വ്യാപാരക്കരാർ. (*ഡാനിയൽ ബനറ്റ്, ഡെവലപ്പ്മെന്റ് ഓഫ് കമേഴ്സൽ കോർപ്പറേഷൻസ് ആന്റ് റെസ്ട്രക്ഷൻസ് ഓൺ പബ്ലിക് റൈറ്റ്സ് ആന്റ് കൺട്രോൾ കോർപ്പറേറ്റ് ബിഹേവിയർ ഇൻ ഇംഗ്ലണ്ട്, 1,600–1998 (അപ്രകാശിത പ്രബന്ധം))

സ്വതന്ത്ര വ്യാപാരത്തിന്റെ ചട്ടങ്ങളിലധിഷ്ഠിതമായ ഇക്കാലത്തെ ആഗോളവത്കരണം വാസ്തവത്തിൽ സർക്കാരുകൾക്കും ജനങ്ങൾക്കും മീതെ കോർപ്പറേഷനുകളുടെ ഭരണം സ്ഥാപിക്കലാണ്. ആഗോളവത്കരണത്തിനുകീഴിൽ സംരക്ഷിക്കപ്പെടാവുന്ന ഒരേയൊരു നിയമപ്രകാരമായ വ്യക്തിത്വം 'കോർപ്പറേഷൻ' എന്ന കല്പിത കഥയാണ്-ജനങ്ങളും അവരുടെ അവകാശങ്ങളും സ്വതന്ത്രവ്യാപാരത്തിലും സാമ്പത്തികവളർച്ചയിലും അനാവശ്യമായി ഇടപെടുന്ന 'സുരക്ഷിതവാദ'

ശക്തികളായി ചുരുക്കപ്പെട്ടിരിക്കുന്നു. കോർപ്പറേഷൻ എന്ന കല്പിതകഥ ഉപയോഗിച്ച് ഒരു ന്യൂനപക്ഷം കോർപ്പറേറ്റ് രൂപത്തെ ഭൂരിപക്ഷത്തിനുമേൽ ആധിപത്യം ഉറപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. ആദ്യമൊക്കെ മനുഷ്യവ്യക്തികളുമായി സമീകരിച്ചിരുന്ന കോർപ്പറേറ്റ് സ്വത്വങ്ങൾ ഇപ്പോൾ ജനങ്ങങ്ങൾക്കും ഉപരിയായി ഉയർത്തപ്പെട്ടിരിക്കുന്നു. യൂറോപ്പിലും യു.എസ്സിലും ആദ്യകാലത്തെ കോർപ്പറേഷനുകൾക്ക് വെളുത്ത പുരുഷനായ സ്വത്തുടമകളുടെ നിയമവ്യക്തിത്വമാണ് നൽകപ്പെട്ടിരുന്നത്. ഇതിന്റെ അടിസ്ഥാനമായി വർത്തിച്ചിരുന്നത് പ്രകൃതി, അവളുടെ സ്പീഷീസുകൾ, പാശ്ചാത്യേതര സംസ്കൃതികൾ, സ്ത്രീകൾ, സ്വത്തില്ലാത്ത പുരുഷന്മാർ എന്നിവരുടെ ഒഴിവാക്കലാണ്. ഇപ്പോൾ എല്ലാ മനുഷ്യരെയും ഒഴിവാക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ വളർന്നിരിക്കുന്നു. ഒരു കോർപ്പറേഷനെ കൈകാര്യം ചെയ്യുമ്പോൾ കോടതികൾ അതിന് ഒരു ജനനമോ മരണമോ ഒക്കെയുണ്ട് എന്നും അതിലും പ്രധാനമായി മാനുഷികമായ പൗരാവകാശങ്ങൾക്ക് അർഹതയുണ്ടെന്നുമുള്ള കല്പിതകഥ അംഗീകരിക്കുന്നു. കടലാസിൽമാത്രം നിലനില്പുള്ള കോർപ്പറേഷന് ഒരു പ്രത്യേക കാര്യം ചെയ്യാനുള്ള അവകാശമുണ്ടെന്നും ആ അവകാശം യഥാർത്ഥ മനുഷ്യർക്കുമേൽ നടപ്പാക്കണമെന്നും ശഠിക്കുന്നു. കാലക്രമേണ കോർപ്പറേഷനുകളുടെ പരമായ നിരുത്തരവാദിത്വവും അടങ്ങുന്ന ഒരു വ്യവസ്ഥ സൃഷ്ടിക്കപ്പെടുന്നു. യഥാർത്ഥ ജനങ്ങൾക്ക് അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്. കോർപ്പറേഷൻ എന്ന സാങ്കല്പിക വ്യക്തിത്വത്തിനാകട്ടെ അവകാശങ്ങൾ മാത്രമേയുള്ളൂ. പ്രാദേശിക സമൂഹങ്ങൾ അല്ലെങ്കിൽ സഹകരണ സംഘങ്ങൾ എന്ന രൂപത്തിലുള്ള ജനകീയ കൂട്ടായ്മകൾക്ക് വാണിജ്യ കോർപ്പറേഷനെപ്പോലെ വ്യതിരിക്തമായ ഒരു നിയമ വ്യക്തിത്വം ഉണ്ടെന്ന് അംഗീകരിക്കുന്നില്ല.

പ്രാദേശിക സമൂഹത്തെയും പൊതുസഭകളെയും തിരിച്ചുപിടിക്കലാണ് ജീവിക്കുന്ന സമ്പദ്‌വ്യവസ്ഥകൾ കെട്ടിപ്പടുക്കുന്നതിലെ മർമ്മം. അടുത്തത് അധ്വാനത്തിന്റെ ഉത്പാദനക്ഷമതയിൽനിന്ന് വിഭവത്തിന്റെ ഉത്പാദനക്ഷമതയിലേക്കുള്ള മാറ്റമാണ്. തൊഴിലില്ലായ്മ, ദാരിദ്ര്യം, പരിസ്ഥിതിനാശം എന്നിവയുടെയെല്ലാം വേരുകൾ യന്ത്രങ്ങളെയും വിഷ-രാസവസ്തുക്കളെയും ഫോസിൽ-ഇന്ധനങ്ങളെയും ജനങ്ങൾക്കു പകരം വയ്ക്കുന്ന ഏർപ്പാടിലാണ് കിടക്കുന്നത്. ഇത് ഒരു ഭാഗത്ത് ജനങ്ങളുടെ ജീവനോപാധികൾ കവർന്നെടുക്കുകയും മറുഭാഗത്ത് കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുകയും വിഭവയുദ്ധങ്ങൾക്ക് കാരണമാവുകയും ചെയ്യുന്ന തരത്തിൽ ഈ ഗ്രഹത്തെ തകർക്കുന്നു. ഉത്പാദനത്തിൽ അദ്ധ്വാനത്തെ മാത്രം ഒരു നിവേശകമായി കണക്കാക്കുന്നത് മൂലധനത്തിന് അതിഭീമമായ ശക്തി പകരുകയും അതുവഴി വാസ്തവത്തിൽ കൂടുതൽ വിഭവങ്ങൾ ഉപയോഗിക്കുമ്പോൾതന്നെ കൂടുതൽ ഉത്പാദിപ്പിക്കപ്പെടുകയാണ് എന്ന മിഥ്യാധാരണ സൃഷ്ടിക്കുകയും ചെയ്യുന്നു. പരിസ്ഥിതിസൗഹൃദം പുലർത്തുന്ന കൃഷിവഴി അഞ്ച് യൂണിറ്റ് നിവേശകങ്ങൾ ഉണ്ടെങ്കിൽ 100 യൂണിറ്റ് ഉത്പാദനം ഉണ്ടാക്കാം. വ്യാവസായിക കൃഷിയാകട്ടെ 300 യൂണിറ്റുകൾ ഉപയോഗിച്ച് 100 യൂണിറ്റ് മാത്രമാണുണ്ടാക്കുന്നത്.

*അവലംബം : ആഗോളവത്ക്കരണത്തിന്റെ പുതുയുദ്ധങ്ങൾ, വിത്ത്, ജലം, ജൈവരൂപങ്ങൾ-വന്ദന ശിവ, ഡിസി ബുക്സ്, കോട്ടയം*

1 പുസ്തകഭാഗം/പുസ്തക പരിചയം

# പ്ലാച്ചിമടയിലെ ജലയുദ്ധങ്ങൾ

വന്ദന ശിവ



**ആഗോളവത്ക്കരണത്തിന്റെ പുതുയുദ്ധങ്ങൾ, വിത്ത്, ജലം, ജൈവരൂപങ്ങൾ**

**വന്ദന ശിവ**
വിവ. : കെ.രമ
പേജ് : 130
വില : 65 രൂപ

ഡിസി ബുക്സ്
കോട്ടയം

2002 ആഗസ്റ്റ് 4-ന് കേരളത്തിലെ പ്ലാച്ചിമടയിലെ കൊക്കകോള വിരുദ്ധ സമിതിയിലെ 300 ആദിവാസികളെ ഒരു ബഹുജന റാലിയിൽവെച്ച് അറസ്റ്റ് ചെയ്തു. കൊക്കകോള കമ്പനി അവരുടെ കുപ്പിവെള്ള പ്ലാന്റിനായി ഗ്രാമത്തിലെ ജലവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനെതിരെയായിരുന്നു, അവരുടെ പ്രതിഷേധം. ഈ പ്ലാന്റ് ദിനംപ്രതി 15 ലക്ഷം ലിറ്റർ വെള്ളം ഊറ്റിയെടുക്കുന്നു. അത് ഉറവകൾ വറ്റിക്കുകയും ജലം മലിനമാക്കുകയും ചെയ്യുന്നു. കഠിനമായ ജലക്ഷാമം പ്രാദേശിക ആദിവാസികളേയും ദളിത് സമൂഹത്തേയും ബാധിച്ചു. ജലം തങ്ങളുടെ അവകാശമാണെന്ന് ഉറപ്പിച്ച് പറഞ്ഞ ആദിവാസികൾ കൊക്കകോള കമ്പനി അടച്ചുപൂട്ടി നാടു വിടണമെന്നും നഷ്ടപരിഹാരം നല്കണമെന്നും പരിസ്ഥിതി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

കൊക്കകോള, ഫാന്റ, സ്പ്രൈറ്റ്, ലിംക, തംസപ്പ്, കിൻലെ സോഡ, മാസ എന്നിവയുടെ 12, 24,000 കുപ്പി നിറയ്ക്കാനാണ് 2000 മാർച്ചിൽ പ്ലാച്ചിമടയിൽ കൊക്കകോള പ്ലാന്റ് സ്ഥാപിച്ചത്. വെള്ളമെടുക്കുന്നതിനായി ഒരു പമ്പ് സ്ഥാപിക്കാൻ പ്രാദേശിക ഭരണകൂടം ഉപാധികളോടെ അനുമതി നല്കി. എന്നിരുന്നാലും കമ്പനി ദശലക്ഷക്കണക്കിന് കുപ്പി ശീതളപാനിയം നിർമ്മിക്കാനായി, നിയമവുരുദ്ധമായി ആറിൽ കൂടുതൽ കുഴൽ കിണറുകളിൽനിന്ന് വൈദ്യുത പമ്പ് ഉപയോഗിച്ച് മില്യൺ കണക്കിന് ലിറ്റർ വെള്ളം വലിച്ചെടുക്കാൻ തുടങ്ങി. കൊക്കകോള കമ്പനി പ്രതിദിനം 1.5 മില്യൺ ലിറ്റർ വെള്ളം ഊറ്റുന്നുണ്ടെന്ന് ആ പ്രദേശത്തുള്ളവർ പറയുന്നു.